# നീരപദ്ധതിയിൽ ചെത്തുതൊഴിലാളികൾക്ക് പ്രാധാന്യം നൽകും: മന്ത്രി കെ.ബാബു

ശാസ്താംകോട്ട: നീരാപദ്ധതിയിൽ ചെത്തുതൊഴിലാളികൾക്കായിരിക്കും മുന്തിയ പരിഗണനയെന്ന് മന്ത്രി കെ.ബാബു പറഞ്ഞു. കൈപ്പുഴ കോക്കനട്ട് പ്രൊഡ്യൂസർ കമ്പനിയുടെ നേതൃത്വത്തിൽ മൈനാഗപ്പള്ളി തോട്ടുംമുഖത്ത് ആരംഭിക്കുന്ന ഫാക്ടറിയുടെ ശിലാസ്ഥാപനം നിർവഹിച്ച് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

ചെത്തുതൊഴിലാളികൾ ഇല്ലാത്ത മേഖലയിൽ മാത്രമേ നീര ട്രെയിനികളെ ഉപയോഗപ്പെടുത്തൂ. 36104 ചെത്ത് അനുബന്ധ തൊഴിലാളികളാണ് സംസ്ഥാനത്തുള്ളത്. ഇവർക്ക് തൊഴിൽ സുരക്ഷിതത്വം ഉറപ്പാക്കും. കോക്കനട്ട് ഡവലപ്പ്മെന്റ് കോർപ്പറേഷന്റെ കീഴിൽ 30 വർഷമായി അടഞ്ഞുകിടക്കുന്നഫാക്ടറികൾ തുറക്കാൻ മന്ത്രിസഭ തീരുമാനിച്ചിട്ടുണ്ടെന്നും മന്ത്രി തുടർന്നുപറഞ്ഞു.

പൊതുസമ്മേളനം കൊടിക്കുന്നിൽ സുരേഷ് ഉദ്ഘാടനം ചെയ്തു. കോവൂർകുഞ്ഞുമോൻ എംഎൽഎ അധ്യക്ഷത വഹിച്ചു. ലോഗോ പ്രകാശനം മന്ത്രി ഷിബുബേബീജോണും മൂല്യവർധിത ഉൽപന്നങ്ങളുടെ നിർമാണ ഉദ്ഘാടനം ഹോർട്ടികോർപ്പ്ചെയർമാൻ ലാൽവർഗീസ് കൽപ്പക വാടിയും നിർവഹിച്ചു.

എൻ.കെ.പ്രേമചന്ദ്രൻ, അഡ്വ.സുധീർജേക്കബ്, ബാബുക്കുട്ടൻ, ബാബുജോസഫ്, ആർ.രാമചന്ദ്രൻ, ശ്രീലേഖാവേണുഗോപാൽ, പി.രാജേന്ദ്രപ്രസാദ്, കോയിവിള രാമചന്ദ്രൻ, പി.ജർമിയാസ്, പി.എം.സെയ്ദ്, അഡ്വ.തോമസ് വൈദ്യൻ എന്നിവർപ്രസംഗിച്ചു.




കൈപ്പുഴ കോക്കനട്ട് പ്രൊഡ്യൂസർ കമ്പനിയുടെ നേതൃത്വത്തിൽ മൈനാഗപ്പള്ളി തോട്ടുംമുഖത്ത് ആരംഭിക്കുന്ന ഫാക്ടറിയുടെ ശിലാസ്ഥാപനം നിർവഹിച്ച് മന്ത്രി കെ. ബാബു പ്രസംഗിക്കുകയായിരുന്നു.